ക്ഷേമ പെൻഷനുകൾ യഥാസമയം നൽകുന്നതിനുള്ള നടപടി

255 (1680) ശ്രീ. കോലിയക്കോട് എൻ കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അവശത അനുഭവിക്കുന്ന വിഭാഗങ്ങൾക്കുള്ള ക്ഷേമ പെൻഷനുകൾ യഥാസമയം നൽകുന്നതിനുപകരം എപ്പോഴെങ്കിലും ഒരുമിച്ച് നൽകുന്നത് കൊണ്ട് ഉദ്ദേശിച്ച ഫലം പെൻഷൻകാർക്ക് ലഭിക്കുന്നില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഏതെല്ലാം ക്ഷേമ പെൻഷനുകളിൽ നിലവിൽ കുടിശ്ശികയായുണ്ട് ;

(സി) 2015 മാർച്ച് 31 വരെയുള്ള ക്ഷേമപെൻഷനുകൾ എല്ലാംകൂടി നൽകുന്നതിന് മൊത്തം എന്ത് തുക ആവശ്യമാണ് ;

(ഡി) ബഡ്ജറ്റിൽ വകയിരുത്തപ്പെട്ടതിൽ എന്ത് തുക അവശേഷിക്കുന്നുണ്ട് ?

ഉത്തരം

(എ) ഇല്ല.

(ബി) സാമൂഹ്യനീതി വകുപ്പുവഴി നടപ്പിലാക്കിവരുന്ന വികലാംഗ പെൻഷൻ, അഗതി (വിധവ) പെൻഷൻ, ദേശീയ വാർദ്ധക്യകാല പെൻഷൻ, 50 വയസ്സിന് മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ എന്നീ പെൻഷനുകളിൽ കുടിശ്ശികയുണ്ട്.

(സി) വിവരം ശേഖരിച്ചുവരുന്നു.

(ഡി) ക്ഷേമപെൻഷൻ വിതരണം ചെയ്യുന്നതിനായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക മുഴുവനും പെൻഷൻ വിതരണത്തിനായി ഇതിനകംതന്നെ ജില്ലാ കളക്ടർമാർക്ക് അനുവദിച്ചുകഴിഞ്ഞു. തുക അവശേഷിക്കുന്നില്ല.

ക്ഷേമ പെൻഷനുകൾക്കായി ചെലവഴിച്ച തുക

256 (1681) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2014-15 സാമ്പത്തിക വർഷത്തിൽ വിവിധ ക്ഷേമ പെൻഷനുകൾക്കായി എത്ര തുക ഇതിനകം ചെലവഴിക്കപ്പെട്ടുവെന്ന് വ്യക്തമാക്കാമോ ;

(ബി) ഈ പെൻഷനുകൾക്ക് എത്ര മാസം കുടിശ്ശിക വന്നിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ; ഇത് നൽകുന്നതിനായി എത്ര തുക വേണ്ടിവരുമെന്ന് വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 2014-15 സാമ്പത്തിക വർഷം സാമൂഹ്യനീതി വകുപ്പുവഴി നടപ്പിലാക്കി വരുന്ന ക്ഷേമപെൻഷനുകൾക്ക് ചെലവഴിച്ച തുക ചുവടെ ചേർക്കുന്നു :

		തുക ലക്ഷത്തിൽ
വികലാംഗ പെൻഷൻ	-	29797.34
അഗതി (വിധവ) പെൻഷൻ	-	85105.38
ദേശീയവാർദ്ധക്യകാല പെൻഷൻ 50 വയസ്സിന് മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ	-	5767.62

(ബി) ജില്ലാ കളക്ടർമാരിൽനിന്നും വിവരം ശേഖരിച്ചുവരുന്നു.

ക്ഷേമ പെൻഷൻ കുടിശ്ശിക

257 (1682) ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ക്ഷേമ പെൻഷനുകൾ ലഭിക്കുന്നില്ലെന്ന പരാതി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ;

(ബി) പെൻഷനുകൾ എന്നു മുതൽ കുടിശ്ശികയായിട്ടുണ്ടെന്ന വിവരം വെളിപ്പെടുത്തുമോ ;

(സി) ഫെബ്രുവരി 2015 വരെയുള്ള പെൻഷൻ കുടിശ്ശിക നല്കാൻ എത്ര തുക വേണ്ടിവരുമെന്ന് വ്യക്തമാക്കുമോ ;

(ഡി) കുടിശ്ശിക മുഴുവൻ അടിയന്തരമായി കൊടുത്തു തീർക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) ജില്ലാ കളക്ടർമാരിൽനിന്നും വിവരം ശേഖരിച്ചുവരുന്നു.

(ഡി) ഫണ്ടിന്റെ ലഭ്യതക്കനുസരിച്ച് കുടിശ്ശിക പെൻഷൻ വിതരണം നടത്തുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly